LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദിവാസി മേഖലയിൽ ആകെ 162 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഗർഭകാല പരിചരണത്തിന്റെ കുറവ്, അമ്മമാരുടെ പോഷകാഹാര കുറവ്, യഥാസമയം ചികിത്സ തേടുന്നതിനുള്ള വൈമുഖ്യം, ഗാർഹിക അതിക്രമങ്ങൾ, പ്രായപൂർത്തിയാകുന്നതിനുമുമ്പുള്ള ഗർഭധാരണം, സാധ്യമായ ചികിത്സാ സംവിധാനങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ, ഭക്ഷണ ശീലങ്ങളിലും മറ്റും ഉണ്ടായിട്ടുള്ള മാറിയ മനോഭാവം, ഗർഭകാല പരിചരണങ്ങളിലും മറ്റും പുലർത്തിപോരുന്ന പരമ്പരാഗത വിശ്വാസം, കാർഷിക ജീവതക്രമത്തിൽനിന്നും കുറഞ്ഞ നിരക്ക് തൊഴിലാളി ജീവിതക്രമത്തിലേയ്ക്ക് പരിണിതപ്പെട്ട ആദിവാസി ജീവിത ചുറ്റുപാടുകൾ തുടങ്ങിയവ ശിശുമരണ കാരണങ്ങളാകുന്നു.

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് ആദിവാസി ഊരുകളിലെ ശിശുമരണ നിരക്ക് കുറവാണ്. എന്നാലും ചില ഒറ്റപ്പെട്ട ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അട്ടപ്പാടി മേഖലയിലാണ് ആയത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള ശിശുമരണങ്ങൾ സംഭവിക്കാതിരിക്കാൻ അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അംഗൻവാടികൾ വഴി ന്യൂട്രീഷൻ കിറ്റുകൾ വിതരണ് ചെയ്യുന്നുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പ്രതിമാസം 1,000 രൂപ ധനസഹായം അനുവദിക്കുന്ന 'ജനനി ജന്മരക്ഷ' പദ്ധതി നടപ്പിലാക്കിവരുന്നു. സാമൂഹ്യ നീതിവകുപ്പിന്റെ സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നു. പോഷകാഹാരകുറവുള്ള കുട്ടികൾക്ക് 'അമൃതം ന്യൂട്രിമിക്സ് ' വിതരണം ചെയ്യുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും അയൺ, ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു.

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

257 (4248) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനായി എത്ര രൂപയാണ് നീക്കി വച്ചത് എന്നറിയിക്കുമോ; അതിൽ എത്ര തുക ചെലവഴിച്ചു ;

(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല എന്ന പരാതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനായി 20 കോടി രൂപ (പ്ലാൻ) ശീർഷകത്തിലും 6,30,00,000 രൂപ (നോൺ പ്ലാൻ) ശീർഷകത്തിലും വകയിരുത്തിയിട്ടുണ്ട്. ആയതിൽ യഥാക്രമം 9,41,18,344 രൂപ (പ്ലാൻ) ശീർഷകത്തിൽനിന്നും 1,25,54,588 രൂപ (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇല്ല.

മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

258 (4249) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; നിയോജക മണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് ഉള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി (മലപ്പുറം ജില്ല ഉൾപ്പെടെ) നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* തെരഞ്ഞെടുത്ത പ്രദേശങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനുള്ള " അഡീഷണൽ ട്രൈബൽ സബ് പ്ലാൻ", " ഹാംലൈറ്റ് വികസന പദ്ധതി" എന്നിവ ഒഴികെയുള്ള എല്ലാ പദ്ധതികളും മലപ്പുറം ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കി വരുന്നു. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹാംലൈറ്റ് വികസന പദ്ധതി എന്നിവ നിലമ്പൂർ, ഏറനാട് നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കി വരുന്നു.

(ബി) തെരഞ്ഞെടുത്ത പിന്നോക്ക പട്ടിക വർഗ്ഗ പ്രദേശങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിനുള്ള അഡീഷണൽ ട്രൈബൽ സബ് പ്ലാൻ, ഹാംലൈറ്റ് വികസന പദ്ധതി എന്നിവയാണ് ഏറനാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly